നെയ്യാറ്റിൻകര താലൂക്കിലെ ഗ്രാനൈറ്റ് ഖനനം

131 [1307] *ശ്രീ. വി. ജെ. പൗലോസ്:*
„ *വർക്കല കഹാർ:*
„ *കെ. സി. ജോസഫ്:*
„ *ജി. പ്രതാപവർമ്മ തമ്പാൻ:*
„ *പി. ജെ. ജോയി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര താലൂക്കിലുണ്ടായിരുന്ന അടുപ്പൂട്ടി പാറയുടെ പൊക്കം എത്രയായിരുന്നു;

(ബി) ആ പാറ ഇപ്പോൾ നിലവിലുണ്ടോ; ആ പാറ നിന്ന സ്ഥലത്ത് തറനിരപ്പിൽനിന്നും എത്ര മീറ്റർ ആഴത്തിൽ ഗ്രാനൈറ്റ് ഖനനം ചെയ്തിട്ടുണ്ട്;

(സി) പാണ്ഡവൻ പാറയ്ക്കുചുറ്റും എത്ര ക്വാറി ഖനനത്തിനുള്ള ലൈസൻസ് നൽകി; എത്ര ക്വാറികളിലാണ് അവിടെ ഇപ്പോൾ ഖനനം നടക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നെയ്യാറ്റിൻകര താലൂക്കിലുണ്ടായിരുന്ന അടുപ്പൂട്ടി പാറ തറനിരപ്പിൽ നിന്നും ഉദ്ദേശം 30 മീറ്റർ ഉയരത്തിലാണ് സ്ഥിതിചെയ്തിരുന്നത്.

(ബി) ആ പാറ ഭാഗികമായി നിലവിലുണ്ട്. പാറയുടെ തറനിരപ്പിൽനിന്നും ഉദ്ദേശം 20 മീറ്റർ താഴ്ചയിൽ ഗ്രാനൈറ്റ് ഡയമൻഷൻ സ്റ്റോൺ ഖനനം ചെയ്തിട്ടുണ്ട്.

(സി) പാണ്ഡവൻ പാറയ്ക്കുചുറ്റുമുള്ള സംരക്ഷിത മേഖലയിൽനിന്നും 50 മീറ്റർ മാറി മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽനിന്നും ഇതുവരെ 17 ക്വാറികൾക്ക് ഗ്രാനൈറ്റ് ഡയമൻഷൻ സ്റ്റോൺ ഖനനത്തിനുള്ള ക്വാറിയിംഗ് ലീസ് അനുവദിച്ചിരുന്നു. ആയതിൽ 12 ക്വാറികൾക്ക് ക്വാറിയിംഗ് ലീസിന്റെ കാലാവധി ഇപ്പോഴും നിലവിലുണ്ട്. ഇവയിൽ 8 ക്വാറികളിൽ ഇപ്പോൾ ഖനന പ്രവർത്തനം നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly